## പഞ്ചായത്ത് ജീവനക്കാരുടെ ഒഴിവുകൾ

230 (1581) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ തദ്ദേശഭരണവകുപ്പിനുകീഴിൽ വിവിധ പഞ്ചായത്തുകളിലായി എത്ര ജീവനക്കാരുടെ ഒഴിവുകൾ ഉണ്ട് ;

(ബി) ഈ ഒഴിവുകൾ നികത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) ഈ ഒഴിവുകൾ എപ്പോൾ നികത്താൻ കഴിയുമെന്നും വ്യക്തമാക്കുമോ ?

### ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ വിവിധ ഗ്രാമ പഞ്ചായത്തുകളിലായി 3 ജൂനിയർ സൂപ്രണ്ടിന്റെയും 7 ഹെഡ് ക്ലാർക്കിന്റെയും ഒഴിവുകളുണ്ട്. തദ്ദേശ സ്വയം ഭരണ എഞ്ചിനീയറിംഗ് വിംഗിന് കീഴിൽ 4 അസിസ്റ്റന്റ് എഞ്ചിനീയർ, 13 ഒന്നാംതരം ഓവർസീയർ, 3 രണ്ടാം തരം ഓവർസീയർ, 14 മൂന്നാം തരം ഓവർസീയർ എന്നീ ഒഴിവുകൾ നിലവിലുണ്ട്.

(ബി) ടെക്നിക്കൽ സ്റ്റാഫുകളുടെ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പഞ്ചായത്തുകളിലെ ജൂനിയർ സൂപ്രണ്ടിന്റെയും ഹെഡ് ക്ലാർക്കിന്റെയും ഒഴിവുകൾ സ്ഥാനക്കയറ്റം മുഖേന നികത്താൻ നടപടി സ്വീകരിച്ചുവരുന്നു.

(സി) പി.എസ്.സി.-ൽ നിന്ന് ഉദ്യോഗാർത്ഥികളെ ലഭിക്കുന്ന മുറയ്ക്ക് എഞ്ചിനീയറിംഗ് വിംഗിൽ നിയമനം നടത്തുന്നതാണ്. പഞ്ചായത്ത് വകുപ്പിൽ സ്ഥാനക്കയറ്റം മുഖേനയുള്ള നിയമനങ്ങൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## സാമൂഹ്യക്ഷേമ വകുപ്പ് 'സാമൂഹ്യ നീതി വകുപ്പ്' ആയി പുനർനാമകരണം ചെയ്യപ്പെട്ടത്

231 (1582) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സാമൂഹ്യക്ഷേമവകുപ്പിനെ 'സാമൂഹ്യനീതിവകുപ്പ്' ആയി പുനർനാമകരണം ചെയ്തിട്ടുണ്ടോ ;

(ബി) എങ്കിൽ, ഏത് സാഹചര്യത്തിലാണ് പുനർനാമകരണം ചെയ്തത് ; ആയതിന്റെ സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) ഈ വകുപ്പിന്റെ നാമമാറ്റം ജനങ്ങളിലെത്തിക്കാൻ സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കേന്ദ്രസർക്കാരിന് ജനങ്ങളുടെ 'ക്ഷേമം' എന്ന പദത്തോടുള്ള എതിർപ്പിനാലാണോ നാമമാറ്റം ചെയ്യപ്പെട്ടതെന്നു വിശദീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) നിരവധി ക്ഷേമ പ്രവർത്തനങ്ങൾ കൂടാതെ പ്രധാനപ്പെട്ട സാമൂഹ്യ നീതി സംബന്ധമായ നിയമങ്ങളും വകുപ്പു മുഖേനയാണ് നടപ്പിലാക്കുന്നത്. ഇത്തരം നിയമങ്ങളുടെ നടപ്പാക്കൽ മുഖേന സാമൂഹ്യ നീതി ഉറപ്പാക്കുന്നതിൽ വകുപ്പിന് പുതിയൊരു മാനം കൈവന്നിട്ടുണ്ട്. കേന്ദ്ര സർക്കാരിൽ ഐ.സി.ഡി.എസ്. ഒഴികെയുള്ള ക്ഷേമ പദ്ധതികൾ സാമൂഹ്യ നീതിയും ശാക്തീകരണവും എന്ന മന്ത്രാലയത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ സാഹചര്യത്തിലാണ് സാമൂഹ്യക്ഷേമ വകുപ്പിന്റെ പേര് സാമൂഹ്യ നീതി വകുപ്പ് എന്ന് പുനർ നാമകരണം ചെയ്തിട്ടുള്ളത്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) ഉണ്ട്. എല്ലാ കീഴ്കാര്യാലയങ്ങൾക്കും ഇത് സംബന്ധിച്ച് സർക്കാർ ഉത്തരവ് അടിയന്തര നടപടികൾക്കായി അയച്ചുകൊടുത്തിട്ടുള്ളതും വെബ് സൈറ്റ്, ഓഫീസ് ബോർഡുകൾ, കത്തിടപാടുകൾ എന്നിവയിൽ ആവശ്യമായ മാറ്റം വരുത്തുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ മാറ്റം ജനങ്ങളിൽ എത്തിക്കുന്നതിന് സർക്കാർ തലത്തിലും വകുപ്പുതലത്തിലും പബ്ലിക് ഇൻഫർമേഷൻ വകുപ്പ് വഴിയും വേണ്ട പ്രചരണം നൽകിയിട്ടുണ്ട്.

(ഡി) ബി പിരിവിന്റെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

## സാമൂഹിക സുരക്ഷാ മിഷനും വയോമിത്രം ക്ലിനിക്കുകളും

232 (1583) ശ്രീ. വി. എസ്. സുനിൽകുമാർ :
ശ്രീ. കെ. അജിത് :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. കെ. രാജു : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹിക സുരക്ഷാ മിഷനു കീഴിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടന്നു വരുന്നതെന്ന് വ്യക്തമാക്കുമോ ; ഈ പ്രവർത്തനങ്ങളുടെ നടത്തിപ്പിൽ വീഴ്ച വന്നിട്ടുള്ളതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ബി) വയോമിത്രം ക്ലിനിക്കുകളുടെ പ്രവർത്തനലക്ഷ്യങ്ങൾ എന്തെല്ലാം ; ഈ ക്ലിനിക്കുകളിൽ മരുന്നുകൾ പോലും യഥാസമയം നൽകുന്നില്ലെന്നുള്ള പരാതിയിന്മേൽ എന്തു നടപടികളെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly